"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ഒ.പി സേവന സമയം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.3949/2025/H&FWD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-
1. സ.ഉ(പി) നം.46/2017/ആ.കു.വ, തീയതി 05.08.2017
2. സ.ഉ(സാധാ) നം.207/2021/ആ.കു.വ , തീയതി 22.01.2021
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 17.10.2025ലെ DHS/24896/2025-PLA4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ സ്റ്റാന്റേർഡൈസേഷൻ നിശ്ചയിച്ച് യഥാക്രമം പരാമർശം (1),(2) എന്നിവ പ്രകാരം ഉത്തരവായിരുന്നു.പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒ.പി സേവന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ ഇതിൽ രണ്ടിലും ഉൾപ്പെടാത്ത മാനവ വിഭവശേഷി കൂടുതലുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ഒ പി സേവന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ സമയക്രമം ചുവടെ ചേർക്കും പ്രകാരം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. നിലവിൽ കിടത്തി ചികിത്സയുള്ള (ഐ.പി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ തൽസ്ഥിതി തുടരേണ്ടതാണ്.
ii. മിനിമം മൂന്ന് ഡോക്ടർമാരെങ്കിലുമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി പ്രവർത്തിക്കേണ്ടതാണ്.
iii. നിലവിൽ 6 മണി കഴിഞ്ഞും പ്രവർത്തിക്കുന്ന സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ തൽസ്ഥിതി തുടരേണ്ടതാണ്.

3. മേൽപ്പറഞ്ഞ കാര്യങ്ങൾ ബന്ധപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വീഴ്ച കൂടാതെ നടപ്പിലാക്കുന്നുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വൈബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Rashmi D

Date: 23-12-2025 23:11:27

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ പി.എസ് ന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്